**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3993** **15-07-2022 - ൽ മറുപടിയ്ക്ക്**

**ശുചിത്വ -മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</td><td colspan="2">ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്തെ ശുചിത്വ, മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ സംസ്ഥാനതല വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; ഇതുസംബന്ധിച്ച റിപ്പോർട്ട് ലഭ്യമാണോ; എങ്കിൽ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകളുടെ വിശദാംശം നൽകുമോ;</td><td>(എ)</td><td>സംസ്ഥാനത്തെ ശുചിത്വ, മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ സംസ്ഥാന-ജില്ലാ തല അവസ്ഥ വിലയിരുത്തലുകൾ 2021, 2022 വർഷങ്ങളിൽ രണ്ട് ഘട്ടങ്ങളിലായി നടത്തിയിട്ടുണ്ട്. വിലയിരുത്തൽ പ്രകാരം<br><br>സംസ്ഥാനത്ത് 1032 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളി ലായി 30000 ത്തോളം ഹരിതകർമ്മ സേനാംഗങ്ങൾ വാതിൽപ്പടി പാഴ്വസ്തു ശേഖരണത്തിനായി പ്രവർത്തി ക്കുന്നു.<br><br>• നിലവിൽ സംസ്ഥാനത്ത് പാഴ്വസ്തു സംഭരണത്തിനായും, ശാസ്ത്രീയ സംസ്കരണം ഉറപ്പാക്കുന്നതിനുമായും 1148 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും,(എം.സി.എഫ്) 183 യന്ത്രവൽകൃത സംവിധാന ങ്ങളോട്ടു കൂടിയ റിസോഴ്സ് റിക്കവറി ഫെസിലിറ്റികളും (ആർ.ആർ.എഫ്) പ്രവർത്തിച്ച് വരുന്നു.<br>• 8000 ത്തോളം മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ (മിനി എം.സി.എഫുകൾ) വാർഡ് തലത്തിൽ പാഴ്വസ്തു സംഭരണത്തിനായി സ്ഥാപിച്ച് പ്രവർത്തിക്കുന്നു.<br>• മാലിന്യ സംസ്കരണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളെ സാങ്കേതികമായി സഹായിക്കുന്നതിനായി 32 ഹരിതസഹായ സ്ഥാപനങ്ങൾ ക്ലസ്റ്റർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നു.<br>• 4800 മെട്രിക് ടൺ അജൈവ പാഴ് വസ്തുക്കൾ ക്ലീൻ കേരള കമ്പനി മുഖാന്തിരം ഇതിനോടകം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിച്ചിട്ടുണ്ട്.</td></tr>
</table>

| | | | |
|---|---|---|---|
| | | | • 3307 കമ്മ്യൂണിറ്റിതല കമ്പോസ്റ്റിംഗ് സംവിധാനങ്ങ ളിലൂടെ 1278 ടൺ ജൈവമാലിന്യം പ്രതിദിനം സംസ്ഥാനത്ത് സംസ്കരിക്ക പ്പെടുന്നു<br>• മെറ്റിരിയൽ കളക്ഷൻ ഫെസിലിറ്റികൾ (എം.സി.എഫ്), റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ(ആർ.ആർ.എഫ്) -കളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പി ക്കുന്നതിനും, ഹരിതകർമ്മ സേനയ്ക്ക് കൂടുതൽ വരുമാനദായകമായ പദ്ധതികൾ നടപ്പിലാക്കു ന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.<br>• പാഴ് വസ്തു കടത്തലിനായി ഹരിതകർമ്മസേനയ്ക്ക് ഇലക്ട്രിക് വാഹനങ്ങൾ ലഭ്യമാക്കി വരുന്നു |
| (ബി) | അതിന്റെ അടിസ്ഥാനത്തിൽ മാലിന്യ സംസ്കരണ ആക്ഷൻ പ്ലാൻ തയാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. ഖരമാലിന്യ പരിപാലന ചട്ടം 2016 അടിസ്ഥാനമാക്കി ശുചിത്വ മിഷൻ തയ്യാറാക്കി നൽകിയ മാതൃകയുടെ അടിസ്ഥാനത്തിൽ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ആക്ഷൻ പ്ലാൻ തയ്യാറാക്കി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് കൈമാറിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ആക്ഷൻ പ്ലാൻ നടപ്പാക്കുന്നതിന് സമയ ക്ലിപ്തത നിശ്ചയിച്ചിട്ടുണ്ടോ; എത്രഭാഗം പൂർത്തിയായിട്ടുണ്ടെന്നും ബാക്കിയുള്ളവ എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ? | (സി) | ഉണ്ട്. ഓരോ ആക്ഷൻ പ്ലാനിലെയും പദ്ധതികളുടെയും തരം അനുസരിച്ച് ഖരമാലിന്യ പരിപാലന ചട്ടം, 2016 അടിസ്ഥാനമാക്കി അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് ഇത്തരത്തിൽ സമയ ക്ലിപ്തത നിശ്ചയിച്ചിട്ടുള്ളത്. ആക്ഷൻ പ്ലാൻ ഘടകങ്ങളുടെ നിർവ്വഹണ പുരോഗതി, അവശേഷിക്കുന്ന ഘടകങ്ങൾ എന്നിവ ഓരോരോ തസ്വഭ സ്ഥാപനത്തിനും അനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ